**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5671** **16-03-2023 - ൽ മറുപടിയ്ക്ക്**

**പൗരത്വ ഭേദഗതി ബിൽ സമരവുമായി ബന്ധപ്പെട്ട കേസുകൾ പിൻവലിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൗരത്വ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (എ) | **പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളിൽ പങ്കെടുത്തവർക്കെതിരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള 835 കേസുകളുടെ ജില്ല തിരിച്ചുള്ള എണ്ണവും, അതിൽ സി.ആർ.പി.സി. 321 പ്രകാരം 59 കേസുകൾ പിൻവലിക്കുന്നതിനായി നിരാക്ഷേപ പത്രം നൽകിയിട്ടുള്ളതിന്റെ ജില്ല തിരിച്ചുള്ള എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു.**<br><br>**പൗരത്വ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധസമരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള വിവിധ സംഭവങ്ങളിൽ ഗുരുതരമായ ക്രിമിനൽ സ്വഭാവം ഇല്ലാത്ത കേസുകൾ പിൻവലിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതിന് 26.02.2021 ലെ സ.ഉ.(കൈ)നം. 70/2021/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്.**<br><br>**കേസുകൾ പിൻവലിക്കുന്നത് ബന്ധപ്പെട്ട കോടതികൾ ആണ്. മറ്റുള്ള കേസുകളും പരിശോധിച്ച് കോടതിയുടെ അനുമതിയ്ക്ക് വിധേയമായി പിൻവലിക്കുന്നത് സംബന്ധിച്ച നടപടി എടുത്തുവരുന്നു.** |
| (ബി) | അവയിൽ നാളിതുവരെയായി പിൻവലിച്ചിട്ടുള്ള കേസുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ; എങ്കിൽ ബാക്കി കേസുകൾ പിൻവലിക്കാതിരിക്കുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) | **പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളിൽ പങ്കെടുത്തവർക്കെതിരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള 835 കേസുകളുടെ ജില്ല തിരിച്ചുള്ള എണ്ണവും, അതിൽ സി.ആർ.പി.സി. 321 പ്രകാരം 59 കേസുകൾ പിൻവലിക്കുന്നതിനായി നിരാക്ഷേപ പത്രം നൽകിയിട്ടുള്ളതിന്റെ ജില്ല തിരിച്ചുള്ള എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു.**<br><br>**പൗരത്വ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധസമരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള വിവിധ സംഭവങ്ങളിൽ ഗുരുതരമായ** |

| | | | |
|---|---|---|---|
| | | | **ക്രിമിനൽ സ്വഭാവം ഇല്ലാത്ത കേസുകൾ പിൻവലിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതിന് 26.02.2021 ലെ സ.ഉ.(കൈ)നം. 70/2021/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്.**<br><br>**കേസുകൾ പിൻവലിക്കുന്നത് ബന്ധപ്പെട്ട കോടതികൾ ആണ്. മറ്റുള്ള കേസുകളും പരിശോധിച്ച് കോടതിയുടെ അനുമതിയ്ക്ക് വിധേയമായി പിൻവലിക്കുന്നത് സംബന്ധിച്ച നടപടി എടുത്തുവരുന്നു.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | ജില്ല | പൗരത്വ ഭേദഗതി ബില്ലിന് എതിരായി നടന്ന പ്രതിഷേധങ്ങളിൽ ഉണ്ടായ അക്രമ സമരങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | പൗരത്വഭേദഗതി ബില്ലിനെ സംബന്ധിച്ച കേസുകളിൽ സർക്കാർ നിരാക്ഷേപപത്രം നൽകിയവ |
|---|---|---|---|
| 1 | തിരുവനന്തപുരം സിറ്റി | 39 | 0 |
| 2 | തിരുവനന്തപുരം റൂറൽ | 47 | 1 |
| 3 | കൊല്ലം സിറ്റി | 15 | 0 |
| 4 | കൊല്ലം റൂറൽ | 29 | 0 |
| 5 | പത്തനംതിട്ട | 16 | 0 |
| 6 | ആലപ്പുഴ | 25 | 0 |
| 7 | കോട്ടയം | 26 | 18 |
| 8 | ഇടുക്കി | 17 | 0 |
| 9 | എറണാകുളം സിറ്റി | 17 | 10 |
| 10 | എറണാകുളം റൂറൽ | 38 | 0 |
| 11 | തൃശ്ശൂർ സിറ്റി | 66 | 23 |
| 12 | തൃശ്ശൂർ റൂറൽ | 20 | 0 |
| 13 | പാലക്കാട് | 85 | 0 |
| 14 | മലപ്പുറം | 93 | 0 |
| 15 | കോഴിക്കോട് സിറ്റി | 56 | 0 |
| 16 | കോഴിക്കോട് റൂറൽ | 103 | 0 |
| 17 | വയനാട് | 32 | 7 |
| 18 | കണ്ണൂർ സിറ്റി | 54 | 0 |
| 19 | കണ്ണൂർ റൂറൽ | 39 | 0 |
| 20 | കാസറഗോഡ് | 18 | 0 |
| | **ആകെ** | **835** | **59** |

സെക്ഷൻ ഓഫീസർ